(ബി) പ്രസ്തുത ആശുപത്രിക്ക് ഭരണാനുമതി ലഭിച്ചിട്ട് എത്ര മാസങ്ങളായി ;

(സി) ഭരണാനുമതി ലഭിച്ചതിനുശേഷം പ്രസ്തുത ആശുപത്രിയുടെ നിർമ്മാണപുരോഗതി വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഫിഷറീസ് ആശുപത്രിയുടെ നിർമ്മാണം എന്നത്തേയ്ക്കു പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമഗ്ര തീരദേശ വികസന പദ്ധതി പ്രകാരം തൃക്കുന്നപ്പുഴ പാന്നൂർ ഗവൺമെന്റ് ഫിഷറീസ് ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണത്തിന് 30 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2010 സെപ്റ്റംബർ മാസത്തിലാണ് മേൽപ്പറഞ്ഞ പദ്ധതിക്ക് ഭരണാനുമതി നൽകിയത്.

(സി) പ്രസ്തുത ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഏജൻസി ആരോഗ്യവകുപ്പാണ് നിർമ്മാണം ഉടൻ തുടങ്ങുന്നതിന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) ഒരു വർഷത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

പരവൂർ നഗരസഭയിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ റോഡുനിർമ്മാണം

204 (1674) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരവൂർ നഗരസഭയിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മാണത്തിലേക്കായി എത്ര റോഡുകൾ ഏറ്റെടുത്തിരുന്നുവെന്ന് റോഡുകളുടെ പേരും തുകയും ഉൾപ്പെടെ അറിയിക്കുമോ ;

(ബി) പ്രസ്തുത റോഡുകളിൽ പുനരുദ്ധാരണം പൂർത്തിയാക്കിയ റോഡുകൾ ഏതൊക്കെയാണ് ;

(സി) ശേഷിക്കുന്ന റോഡുകളുടെ നിർമ്മാണത്തിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ ; എന്നത്തേയ്ക്ക് പണിപൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരവൂർ നഗരസഭയിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ പുനരുദ്ധാരണനിർമ്മാണം നടത്തുന്നതിന് 5 റോഡുകൾക്ക് അനുമതി നൽകി. അതിൽ 3 റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2 റോഡുകൾക്ക് (നമ്പർ 3, 4) സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും ഈ രണ്ട് റോഡുകൾ പരവൂർ മുനിസിപ്പാലിറ്റി ഏറ്റെടുത്തുനടത്തി വരുന്നതിനാൽ ക്ലോഷർ എഗ്രിമെന്റ് വച്ച് കരാറുകാരനെ ഒഴിവാക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ച റോഡുകൾ :

ക്രമ നമ്പർ	അംഗീകരിച്ച റോഡുകൾ	തുക (ലക്ഷത്തിൽ)
1	തെക്കുംഭാഗം പുത്തൻപള്ളി ജംഗ്ഷൻ-ഫിഷറീസ് ഹോസ്പിറ്റൽ ജംഗ്ഷൻ റോഡ്	32
2	പുറ്റിങ്ങൽ ക്ഷേത്രം റെയിൽവേ സ്റ്റേഷൻ റോഡ്	27
3	പ്രസന്ന തിയേറ്റർ-ചിറ്റൂർ മലാക്കായൽ യക്ഷിക്കടവ് റോഡ്	19.90
4	കയറ്റാഫീസ് പൊന്നുരുന്നാൽ വിളക്കടവ് റോഡ്	32
5	പുതിയകാവ് നേരുകടവ് SNRVC റോഡ്	16.20

(ബി) 3 റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടുണ്ട്. (ക്രമ നമ്പർ 1,2,5 എന്നീ റോഡുകൾ)

(സി) രണ്ട് റോഡുകൾ മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നടത്തി വരുത്തുന്നതിനാൽ ക്ലോഷർ എഗ്രിമെന്റ് വച്ച് കരാറുകാരനെ ഒഴിവാക്കിയിട്ടുണ്ട്.

മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവൃത്തികൾ

205 (1675) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കിയ വികസനപ്രവൃത്തികൾ ഏതൊക്കെയാണെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയാണെന്നുമുള്ള വിശദവിവരങ്ങൾ അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly